I/116034/2023

നം.DDDKER/2679/2023-C1

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:20-10-2023

സർക്കുലർ നം. 56

വിഷയം:- ക്ഷീര വികസന വകുപ്പ് - ഡയറക്ടറേറ്റ് - ക്ഷീര സഹകരണ സംഘങ്ങളിൽ അച്ചടക്ക ഉപസമിതി രൂപീകരിക്കുന്നത് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) ബഹു. കേരള ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് 08/06/2022 തിയതിയിൽ പുറപ്പെടുവിച്ച WP(C) 7268/2022 - നമ്പറുള്ള ജഡ്ജ് മെന്റ്.

ക്ഷീര സഹകരണ സംഘങ്ങളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരമേറ്റെടുക്കുമ്പോൾ തന്നെ 1969 ലെ കേരള സഹകരണ സംഘം ചട്ടം 198 (2എ) പ്രകാരം ഒരു അച്ചടക്ക ഉപസമിതി, സ്റ്റാന്റിങ്ങ് ബോഡിയായി രൂപീകരിക്കേണ്ടതാണ്. ടി സമിതിയുടെ അംഗസംഖ്യ ഭരണസമിതി അംഗങ്ങളായ 3 പേരിൽ കൂടാൻ പാടുള്ളതല്ല. പ്രസ്തുത 3 അംഗങ്ങളിൽ ഒരാൾ ചെയർമാനായിരിക്കണം. ഇത്തരത്തിൽ രൂപീകരിക്കുന്ന അച്ചടക്ക ഉപസമിതിയിൽ പ്രസിഡന്റോ സെക്രട്ടറിയോ അംഗമാകാൻ പാടുള്ളതുമല്ല. ടി അച്ചടക്ക ഉപസമിതിയുടെ കാലാവധി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധിയ്ക്ക് തുല്യമായിരിക്കും.സംഘം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റരോപണ പത്രിക നൽകുന്നതിനും , ചട്ടം 198 (3) ലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതു ശിക്ഷ നൽകണമെന്ന് നിശ്ചയിക്കുന്നതിനും, അല്ലെങ്കിൽ ശിക്ഷ നൽകേണ്ടതുണ്ടോ എന്ന് തീരുമാനിക്കുന്നതിനും അച്ചടക്ക ഉപസമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഡയറക്ടർ/ക്ഷീര സഹകരണ സംഘം രജിസ്ട്രാർ

File No. DDDKER/2679/2023-C1 (Computer No. 92880)

Generated from eOffice by MOHAMED REEZE.M.M, DEO1 (TC) DDD, DEO1 (TC) DDD, DAIRY DEVELOPMENT DEPARTMENT on 02/08/2024 09:29 AM

I/116034/2023

പകർപ്പ് :-

1	എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ക്ഷീര വികസന യൂണിറ്റുകൾക്കും നൽകേണ്ടതാണ്)
2	ജോയിന്റ് ഡയറക്ടർ -ജനറൽ
3	ജോയിന്റ് ഡയറക്ടർ -പ്ലാനിംഗ്
4	ഡെപ്യൂട്ടി ഡയറക്ടർ -ജനറൽ (ഡയറക്ടറേറ്റ്)
5	ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർ
6	സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

Generated from eOffice by MOHAMED REEZE.M.M, DEO1 (TC) DDD, DEO1 (TC) DDD, DAIRY DEVELOPMENT DEPARTMENT on 02/08/2024 09:29 AM